II ഇ.ബി. XIII- കേരള നിയമസഭ/IV-6

പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2012 മാർച്ച് 22, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

17 (*151) **നാഷണൽ കൗണ്ടർ ടെററിസം സെന്റർ**

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) നൽകിയ മറുപടിയിൽ, രാജ്യത്തിന്റെ ആഭ്യന്തര സുരക്ഷയ്ക്ക് ഭീഷണിയുയർത്തുന്ന ഭീകരവാദത്തെ നേരിടുന്നതിനായി നാഷണൽ കൗണ്ടർ ടെററിസം സെന്റർ രൂപീകരിക്കാൻ തീരുമാനിച്ചുകൊണ്ട് കേന്ദ്രസർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും സംസ്ഥാന സർക്കാരിന്റെ അധികാരങ്ങൾ കവർന്നെടുക്കുന്ന വ്യവസ്ഥകൾ ഇതിലുള്ളതായി കരുതുന്നില്ലെന്നും സഭയെ അറിയിച്ചു. പ്രസ്തുത ഏജൻസി പ്രവർത്തിക്കേണ്ടത് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലായിരിക്കണമെന്നും സെർച്ചിനും അറസ്റ്റിനുമുള്ള അധികാരം വിനിയോഗിക്കുമ്പോൾ സംസ്ഥാന പോലീസിനെ അറിയിക്കണമെന്നും ഭീകരവാദ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന് ലഭിക്കുന്ന വിവരങ്ങൾ ഈ സെന്ററിന് കൈമാറണമെന്ന വ്യവസ്ഥ അംഗീകരിക്കുന്നതോടൊപ്പം അവർക്ക് കിട്ടുന്ന വിവരം

സ്റ്റേറ്റ് ഇന്റലിജൻസിനെക്കൂടി അറിയിക്കണമെന്നുമുള്ള സംസ്ഥാന സർക്കാരിന്റെ നിലപാടുകളും ഈ സെന്ററിന്റെ ഘടനയിലും പ്രവർത്തനരീതിയിലുമുള്ള ഭേദഗതി നിർദ്ദേശങ്ങളും 12-03-2012-ൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയം വിളിച്ചുചേർത്ത യോഗത്തിൽ അറിയിച്ചിട്ടുണ്ട്. 2012 ഏപ്രിൽ 16-ന് പ്രധാനമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന മുഖ്യമന്ത്രിമാരുടെ യോഗത്തിൽ വിശദമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതാണെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി. സംസ്ഥാനത്തിന് മാത്രമായി ഭീകരവാദത്തെ തടയാൻ കഴിയാത്ത സാഹചര്യത്തിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ കേന്ദ്രീകൃത ഏജൻസി ആവശ്യമാണെന്നും എന്നാൽ അത് ദുർവിനിയോഗം ചെയ്യരുതെന്നുമുള്ള നിലപാടാണ് സംസ്ഥാന സർക്കാരിനുള്ളതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. ഇക്കാര്യത്തിലുള്ള അവ്യക്തതകൾ നീക്കി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സഹകരിച്ച് മുന്നോട്ടുപോകേണ്ടതാണ്. സമൂഹത്തിലെ അവഗണിക്കപ്പെടുന്ന ജനവിഭാഗങ്ങളുടെ സാമൂഹിക-സാമ്പത്തിക പരാധീനതകൾ മറയാക്കി ഭീകരവാദ പ്രവർത്തനം നടത്തുന്നത് നിയമപരമായും സാമൂഹികമായും നേരിടേണ്ടതാണെന്നും തീവ്രവാദ പ്രവർത്തനം നടത്തുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

18 (*152) <u>വികലാംഗർക്ക് നിയമനം</u>

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, 01-01-2004 മുതൽ 31-12-2007 വരെ വികലാംഗർക്കുള്ള 3% ബാക്ക് ലോഗായി കണ്ടെത്തിയ 1188 ഒഴിവുകളിലേയ്ക്ക് പ്രത്യേക റിക്രൂട്ട്മെന്റ് നടത്തുന്നതിനായി 05-03-2012-ൽ സെക്രട്ടേറിയറ്റ് ഡർബാർ ഹാളിൽവച്ച് വിവിധ വകുപ്പ് അദ്ധ്യക്ഷന്മാരുടെ

ഏകദിന അദാലത്ത് നടത്തി 1039 തസ്തികകൾ തത്സമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഇതിലേയ്ക്കുള്ള പ്രത്യേക വിജ്ഞാപനം പി.എസ്.സി. ഉടൻതന്നെ പുറപ്പെടുവിക്കുന്നതാണെന്നും സഭയെ അറിയിച്ചു. ജുഡീഷ്യറിയുമായി ബന്ധപ്പെട്ട 56 തസ്തികകളടക്കം ബാക്കിയുള്ള 149 തസ്തികകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യാനുള്ള ശ്രമങ്ങൾ നടത്തി വരികയാണ്; ഈ നിയമനങ്ങൾ നടന്നാലുടൻ 2007 മുതൽ 2012 വരെയുള്ള ഒഴിവുകളും റിപ്പോർട്ട് ചെയ്യുന്നതാണ്. നിലവിലുള്ള 3% സംവരണം വർദ്ധി പ്പിക്കുന്ന കാര്യം ആലോചിക്കാവുന്നതാണെന്നും വികലാംഗർക്കും വിധവ കൾക്കും തൊഴിൽ പരിശീലനത്തിനും സ്വയംതൊഴിൽ കണ്ടെത്തുന്നതിനും സാമ്പത്തിക സഹായം നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയി ലാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

19 (*153) <u>ഭക്ഷ്യ സുരക്ഷാ പദ്ധതി</u>

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, ഭക്ഷ്യസുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട സംസ്ഥാനത്തിന്റെ നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിന് സമർപ്പി ച്ചിട്ടുണ്ടെന്നും സാർവ്വത്രിക പൊതുവിതരണം നിലനിർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ടെന്നും പദ്ധതിയിലെ ഗുണകരമായ നിർദ്ദേശങ്ങളെ സ്വാഗതം ചെയ്തിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഈ പദ്ധതിയിൽ അരിയുടേയും ഗോതമ്പിന്റേയും വിതരണമാ ണുൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതി പ്രാബല്യത്തിൽ വരുമ്പോൾ 63 ശതമാനം ആളുകൾക്കുള്ള ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിന്റെ ഉത്തരവാ ദിത്വമാണ് കേന്ദ്രസർക്കാർ ഏറ്റെടുക്കുന്നതെന്നും 100 ശതമാനം പേരെയും ഇതിൽ ഉൾപ്പെടുത്തണമെന്നുള്ള സംസ്ഥാനത്തിന്റെ ആവശ്യം പരിഗണിക്കാ

മെന്ന ഉറപ്പ് ലഭിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. ബി.പി.എൽ/എ.എ.വൈ. പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള അനർഹരെ ഒഴിവാക്കുന്നതിന്റെ ഭാഗമായി സർക്കാർ/അർദ്ധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ ഉൾപ്പെട്ട 29211 ബി.പി.എൽ. കാർഡുകൾ എ.പി.എൽ. കാർഡുകളാക്കി മാറ്റിയിട്ടുണ്ട്. ആദിവാസി കുടുംബങ്ങൾക്ക് ബി.പി.എൽ. കാർഡുകളാണ് നൽകിയിട്ടുള്ളതെന്നും ഇതുസംബന്ധിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെടുത്തിയാൽ അവ പരിഹരിക്കുന്നതാണെന്നും ആശ്രയ പദ്ധതിയിൽപ്പെട്ടവർക്ക് റേഷൻ സാധനങ്ങൾ വീടുകളിൽ എത്തിച്ചുകൊടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും നിത്യോപയോഗസാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിന് മുൻഗണന നൽകിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

**20 (*154) <u>ട്രഷറികളിൽ ഇ-ബാങ്കിംഗ് സംവിധാനം</u>**

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) നൽകിയ മറുപടിയിൽ, 2-1-2012-ലെ ഉത്തരവുപ്രകാരം സോഫ്റ്റ്‌വെയർ കസ്റ്റമൈസേഷനിലൂടെ ട്രഷറി സേവിംഗ്സ് ബാങ്കിനെ ഇ-ബാങ്കിംഗ് സമ്പ്രദായത്തിലേയ്ക്ക് മാറ്റുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജയസാദ്ധ്യത പരിഗണിച്ച് തീരുമാനമെടുക്കുന്നതാണെന്നും സഭയെ അറിയിച്ചു. ട്രഷറികളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനുള്ള നെറ്റ് വർക്കിംഗ്, കോർ ബാങ്കിംഗ്, ടാക്സ്

കളക്ടിംഗ് ഡിപ്പാർട്ടുമെന്റുകളെ ബന്ധിപ്പിക്കുന്നതിനുള്ള കമ്പ്യൂട്ടറൈസേഷൻ, എ.ടി.എം. എന്നീ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിലൂടെ ട്രഷറി ഇടപാടുകൾ സമ്പൂർണ്ണമായി നവീകരിക്കപ്പെടുമെന്നും ട്രഷറികൾക്കായി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും നിലവിലുള്ളവ പരിഷ്ക്കരിക്കു ന്നതിനും സമഗ്രമായ ഒരു പദ്ധതി ആവിഷ്കരിക്കുന്നുണ്ടെന്നും ഉപചോദ്യ ങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1670 മുതൽ 2060 വരെയുള്ള ചോദ്യങ്ങളിൽ 237 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രി മാർ രേഖാമൂലം ഉത്തരം നൽകി.)